പാട്ട് 14 വിന്ദതിനൂറി തിരുച്ചെന്തൂർ

ആറുപടൈവീടുകൾ എന്നറിയപ്പെടുന്ന മുരുകന്റെ ആറ് പ്രധാന അമ്പലങ്ങളിൽ രണ്ടാമത്തേതായ തിരുച്ചെന്തൂരിലെ ഈ പാട്ട് തിരുപ്പുകഴ് ഇശൈ വഴിപാടുകളിൽ സാധാരണയായി പാടുന്ന പാട്ടാണ്. മോക്ഷം കിട്ടാൻ അനുഗ്രഹിക്കേണമേ എന്ന് പ്രാർത്ഥിക്കുന്ന ഈ പാട്ട് മരിച്ചവരുടെ ആത്മ ശാന്തിക്ക് വേണ്ടി പാടുന്ന പാട്ടാണ്.

| | | |
|---|---|---|
| ഛന്ദം | തന്തന താന തന്തന താന | |
| | തന്തന താന | തനതാന |

ഛന്ദം അനുസരിച്ച് എഴുതിയ സാഹിത്യം

1 വിന്ദതി നൂറി വന്തതു കായം
വെന്തത് കോടി യിനിമേലോ

2 വിണ്ടുവി ടാമ ലുൻപദ മേവു
വിണ്ണെയർ പോല അടിയേനും

3 വന്തുവി നാശ മുൻകലി തീര
വൺശിവ ജ്ഞാന വടിവാകി

4 വൻപദ മേറി യെൻകളൈ യാറ
വന്തരുൾ പാദ മലർതാരായ്

5 എന്തനു ളേക ചെഞ്ചുട രാകി
യെൻകണി ലാടു തഴൽവേണി

6 എന്നൈയർ തേടു മൻപർസ ഹായ
രെങ്കൾസു വാമി യരുൾബാലാ

7 സുന്ദര ജ്ഞാന മെൻകുറ മാതു
തൻതിരു മാർപി ലണൈവോനേ

8 സുന്ദര മാന ചെന്തിലിൽ മേവു
കന്ദസു രേശർ പെരുമാളേ

പദം പിരിച്ച് എഴുതിയ സാഹിത്യം

1 വിന്ദതിൻ ഊറി വന്തതു കായം
വെന്തത് കോടി ഇനിമേലോ

2 വിണ്ടുവിടാമൽ ഉൻപദം മേവു
വിണ്ണെയർ പോല അടിയേനും

3 വന്തു വിനാശ മുൻകലി തീര
വൺ-ശിവ ജ്ഞാന വടിവാകി

4 വൻപദം ഏറി എൻകളൈ ആറ
വന്ത് അരുൾ പാദ മലർതാരായ്

5 എന്തൻ ഉള്ളേക ചെം ചുടരാകി
എൻ കണിൽ ആട് തഴൽവേണി

6 എന്തെയർ തേടും അൻപർ സഹായർ
എങ്കൾ സുവാമി അരുൾബാലാ

7 സുന്ദര ജ്ഞാന മെൻ-കുറ മാതു
തൻ തിരു-മാർപിൽ അണൈവോനേ

8 സുന്ദരമാന ചെന്തിലിൽ മേവു
കന്ദ സുരേശർ പെരുമാളേ

<u>പദാർത്ഥം</u>

ഈ ശരീരം പിറന്ന് മരിച്ചത് ഒരു കോടി പ്രാവശ്യം.
ഇനിയെങ്കിലും നിന്നെ തൊഴുന്ന ജ്ഞാനികളെ പോലെ എന്റെ പൂർവജന്മ പാപങ്ങൾ തീർത്ത് എനിക്ക് മോക്ഷം തരേണമേ.

ശിവൻ അരുളിയ കുമരനേ,
വള്ളിയെ മണന്നവനേ,
സുന്ദരമായ തിരുച്ചെന്തൂരിൽ വാഴും കന്ദനേ, ദേവാദിദേവനേ.

<u>വർണ്ണന / സാരാംശം</u>

ശിവകുമാരനേ, വള്ളിമണാളനേ, തിരുച്ചെന്തൂരിൽ വാഴും ദേവനേ, പല ജന്മങ്ങൾ എടുത്ത് മരിച്ചത് മാറി, എനിക്ക് മോക്ഷം കിട്ടാൻ അനുഗ്രഹിക്കേണമേ.

<u>രാഗവും താളവും</u>

തിരുപ്പുകഴ് ഇസൈ വഴിപാടു പദ്ധതിയിൽ യമുനാകല്യാണി രാഗം - പഞ്ചമ ശ്രുതിയിൽ പാടുന്നു. മിശ്ര ചാപ്പ് താളം - വിലോമ നട - തകധിമി തകിട

ലേഖകനോട് ബന്ധപ്പെടാൻ drbaluiyer@gmail.com
എന്ന മേൽവിലാസത്തിൽ ഈ-മെയിൽ അയക്കുക.